(എ) ആലപ്പുഴ ജില്ലയിൽ ആർ.എം.എസ്.എ.പദ്ധതിപ്രകാരം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യാപക നിയമനത്തിനും എന്തൊക്കെ കാര്യങ്ങൾ ചെയ്തു വിശദമാക്കാമോ ;

(സി) ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം രണ്ട് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. അവ താഴെ പറയുന്നവയാണ് :

1. ജി.യു.പി.എസ്. നാലുചിറ

2. മുഹമ്മദൻസ് ജി.യു.പി.എസ്. കൊല്ലക്കടവ്

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആർ.എം.എസ്.എ.യുടെ വാർഷിക പദ്ധതിയിൽ എം.എച്ച്.ആർ.ഡി. ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടത്തുന്നത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്.

(സി) ഉണ്ട്. ആർ.എം.എസ്.എ. മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദിച്ച തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ആർ.എം.എസ്.എ. കൃത്യമായി ശമ്പളം നൽകുന്നുണ്ട്. അവർക്ക് പുറമെ പ്രസ്തുത സ്കൂളുകളിൽ നിയമിതരായ ജീവനക്കാർക്ക് ശമ്പളം നൽകാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ആർ.എം.എസ്.എ. സ്കൂളുകളിലെ അടിസ്ഥാന സൗകര്യവികസനം

36 (2943) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്ത 142 സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിച്ച തുകയെത്രയാണെന്നും ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്നും

LIBRARY ARCHIVES Kerala Legislative Assembly

കെ.ഇ.ആർ. അനുസരിച്ചുള്ള സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വിശദമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകളിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ എത്രയാണെന്നും അവരെ പൂർണ്ണമായും നിയമിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങളും വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ

37 (2944) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) അർഹതയില്ലെന്ന് വിദഗ്ധ സമിതി കണ്ടെത്തിയ അപേക്ഷയിൽ സർക്കാർ തലത്തിൽ അംഗീകാരം നൽകുകയുണ്ടായോ ; ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം എന്തായിരുന്നുവെന്നറിയിക്കുമോ ?

ഉത്തരം

(എ) ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിൽ രണ്ട് ബാച്ചുകൾ വീതം ഉൾക്കൊള്ളുന്ന ഓരോ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാനും നിലവിലുള്ള അർഹതയുള്ള ഹൈസ്കൂളുകളെ ഹയർസെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ പുതുതായി ഹയർസെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനും (ആകെ 678 ബാച്ചുകൾ) 29-5-2013-ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11-6-2013-ലെ സ.ഉ. (കൈ) നമ്പർ 185/13/പൊ.വി.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ഓരോ സ്ഥലത്തെയും വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് പുതുതായി ഹയർ സെക്കന്ററി സ്കൂളുകളും ഹയർസെക്കന്ററി അധികബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 14-6-2013-ലെ എസിഡി സി3/16830/ എച്ച്.എസ്.ഇ/2013 നമ്പർ നടപടിക്രമപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി

LIBRARY ARCHIVES Kerala Legislative Assembly